പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ

206 (7505) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് വേണ്ടിയും സെക്രട്ടറിമാരുടെ ഒഴിവ് നികത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ട്, എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സെക്രട്ടറി തസ്തികയിൽ ഒഴിവുള്ള ഗ്രാമപഞ്ചായത്തുകളിലേക്ക് പ്രൊമോഷൻ മുഖാന്തിരം ഒഴിവ് നികത്തുന്നതിന് സീനിയോറിറ്റി പ്രകാരം ഫീഡർ കാറ്റഗറിയായ ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥരോട് കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ പ്രൊമോഷൻ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി, പ്രൊമോഷൻ നടത്തി, ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരെ പാർട്ട്-ടൈം ജീവനക്കാരായി നിയമിക്കാൻ നടപടി

207 (7506) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുടെ കീഴിലുള്ള ലൈബ്രറി, ശിശുമന്ദിരം എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന ലൈബ്രേറിയൻ, ടീച്ചർ, ആയ എന്നിവരെ 10 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് പാർട്ട്ടൈം ജീവനക്കാരായി നിയമിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിൽ എത്രപേർ നിലവിൽ ജോലിചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) മേൽ വിഭാഗങ്ങളിൽപ്പെട്ടവരെ പാർട്ട്ടൈം ജീവനക്കാരായി നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉത്തരവ് നിലവിലില്ല.

(ബി) ബാധകമല്ല

(സി) ഇല്ല

LIBRARY ARCHIVES Kerala Legislative Assembly